# പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന

ബാങ്കിന്റെ പേര്

| ഇൻഷൂറൻസ് കമ്പനിയുടെ അടയാള ചിഹ്നം | പദ്ധതിയുടെ അടയാള ചിഹ്നം | ബാങ്കിന്റെ അടയാള ചിഹ്നം |
|---|---|---|

**സമ്മതപത്രവും പ്രഖ്യാപനവും**
**(അനുവദിക്കപ്പെട്ട 'അംഗത്വ അവധി'യ്ക്കുള്ളിൽ ഈ പദ്ധതിയിൽ ചേരുന്ന അംഗങ്ങൾ പൂരിപ്പിക്കേണ്ടത്)**

**ഓഫീസ് ഉപയോഗത്തിനായി**

| | | | |
|---|---|---|---|
| ഏജൻസി/ബിസി യുടെ പേര് * | | ഏജൻസി/ബിസി കോഡ് .* | |
| ഏജന്റ്/ബിസിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ – * | | | |
| ഏജന്റ്/ബാങ്കിംഗ് കറസ്പോണ്ടന്റിന്റെ ഒപ്പ് * | | | |

ഞാൻ ......................,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,, കമ്പനിയുടെ മാസ്റ്റർ പോളിസി നമ്പർ......................... (മുൻ കൂട്ടി മുദ്രണം ചെയ്യേണ്ടുന്നതാണ്) പ്രകാരം താങ്കളുടെ ബാങ്ക് നിർവഹിക്കുന്ന ''പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന''യിൽ അംഗമാകാനുള്ള എന്റെ സമ്മതം ഇതിനാൽ വ്യക്തപ്പെടുത്തുന്നു.

ഞാൻ പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജനയ്ക്കു കീഴിൽ ലൈഫ് ഇൻഷൂറൻസിന്റെ പ്രീമിയം വകയിലേക്കായി, താങ്കളുടെ ശാഖയിലുള്ള എന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും 330/– രൂപയും (മുന്നൂറ്റിമുപ്പതു രൂപ) ബാധകമെങ്കിൽ അതിന്മേലുള്ള സേവന നികുതിയും കിഴിക്കാൻ ഇതിനാൽ താങ്കളെ അധികാരപ്പെടുത്തുന്നു. പ്രസ്തുത പദ്ധതിയിൽ അംഗത്വം പുതുക്കുന്നതിലേക്കായി, ഞാൻ ഇനിയൊരു നിർദ്ദേശം നൽകുന്നതുവരേയ്ക്കും എല്ലാ വർഷവും മെയ് 25 **നു** ശേഷം എന്നാൽ ജൂൺ 1 **നു** മുൻപായി 330/– രൂപയും (മുന്നൂറ്റിമുപ്പതു രൂപ), ബാധകമെങ്കിൽ അതിന്മേലുള്ള സേവന നികുതിയും അല്ലെങ്കിൽ അതതു കാലങ്ങളിൽ നിർണ്ണയിക്കപ്പെടുന്ന തുകയോ കിഴിക്കാനും ഇതിനാൽ താങ്കളെ അധികാരപ്പെടുത്തുന്നു..ഈ പദ്ധതിപ്രകാരം പ്രീമിയം കിഴിക്കാൻ ഞാൻ മറ്റൊരു ബാങ്കിനേയും അധികാരപ്പെടുത്തിയിട്ടില്ല. എന്റെ മരണം സംഭവിക്കുന്ന പക്ഷം ലഭിക്കുന്ന ഇൻഷൂറൻസ് തുക രൂപ 2,00,000/– ആയി നിജപ്പെടുത്തിയിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു.

ഞാൻ പ്രസ്തുത പദ്ധതിയുടെ നിബന്ധനകൾ വായിച്ചു മനസ്സിലാക്കിയിരിക്കുന്നു. ഈ പദ്ധതിയിൽ അംഗമാകാൻ എന്റെ സമ്മതം ഞാൻ ഇതിനാൽ അറിയിക്കുന്നു. ഞാൻ , ഈ ഗ്രൂപ് ഇൻഷൂറൻസ് പദ്ധതിയിൽ എന്റെ പ്രവേശനവുമായി ബന്ധപ്പെട്ട് എന്നെ സംബന്ധിച്ച വ്യക്തിപരമായ വിവരങ്ങൾ ഇൻഷൂറൻസ് കമ്പനിക്കു കൈമാറുവാൻ ബാങ്കിനെ അധികാരപ്പെടുത്തുന്നു.

**ബാങ്ക്/കെ വൈ സി റിക്കാർഡ് പ്രകാരം അപേക്ഷകനെ സംബന്ധിച്ച വിവരങ്ങൾ:**

| | | | |
|---|---|---|---|
| ഇടപാടുകാരന്റെ പേര് (ബാങ്ക് റിക്കാർഡ് പ്രകാരം) | | | |
| സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ | | ആധാർ നമ്പർ (ഉണ്ടെങ്കിൽ) | |
| ഈ മെയിൽ ഐഡി | | മൊബൈൽ നമ്പർ | |
| നാമനിർദ്ദേശം ചെയ്യപ്പെട്ടയാളുടെ പേരും, മേൽവിലാസവും ആ വ്യക്തിയുമായുള്ള ബന്ധവും | | നാമനിർദ്ദേശം ചെയ്യപെട്ടയാൾക്ക് പ്രായപൂർത്തിയായിട്ടില്ലെങ്കിൽ രക്ഷകർത്താവിന്റെ പേരും, മേൽവിലാസവും | |
| ജനന തീയ്യതി | | | |

ഞാൻ പ്രസ്തുത പദ്ധതിയിൽ എന്റെ നോമിനിയായി മേല്പറഞ്ഞ വ്യക്തിയെ നാമനിർദ്ദേശം ചെയ്യുന്നു. നോമിനിക്കു പ്രായപൂർത്തിയായിട്ടില്ലെന്നതിനാൽ ഞാൻ മേല്പറഞ്ഞ രക്ഷിതാവിനെ നിയമിച്ചിരിക്കുന്നു. മേല്പറഞ്ഞ വസ്തുതകൾ എല്ലാവിധത്തിലും സത്യമാണെന്നു ഞാൻ ഇതിനാൽ പ്രഖ്യാപിക്കുന്നു. മുകളിൽ നൽകിയ വിവരങ്ങൾ മേല്പറഞ്ഞ പദ്ധതിയിൽ ചേരുന്നതിനുള്ള അടിസ്ഥാനമായിരിക്കുമെന്നും ഏതെങ്കിലും വിവരം അസത്യമാണെന്നു തെളിഞ്ഞാൽ എന്റെ അംഗത്വം റദ്ദാക്കപ്പെടുമെന്ന് ഞാൻ മനസ്സിലാക്കുന്നതും അങ്ങിനെ പ്രഖ്യാപിച്ചുകൊള്ളുന്നതുമാകുന്നു.

തീയ്യതി:

ഒപ്പ് :
മേൽവിലാസം :

ഒപ്പ് സാക്ഷ്യപ്പെടുത്തിയിക്കുന്നു
(ബാങ്ക് ശാഖയിലെ ഉദ്യോഗസ്ഥൻ) (ബാങ്ക് ശാഖയുടെ പേരും കോഡുമടങ്ങുന്ന റബ്ബർ സീൽ)

## <u>അക്നോളഡ്ജ്മെന്റും ഇൻഷൂറൻസ് സർട്ടിഫിക്കറ്റും</u>

-------------------- കമ്പനിയുടെ(ഇൻഷൂറൻസ് കമ്പനിയുടെ പേര്) മാസ്റ്റർ പോളിസി നമ്പർ -------------------- പ്രകാരം നിർവഹിക്കുന്ന പ്രധാനമന്ത്രി ബീമാ സുരക്ഷാ യോജനയിലേക്കായി നിർദ്ദിഷ്ട സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും സ്വയമേവ തുക കിഴിക്കുവാനുള്ള സമ്മതവും അധികാരവും വെളിപ്പെടുത്തിക്കൊണ്ടുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ ---------------- , ആധാർ കാർഡ് നമ്പർ (ഉണ്ടെങ്കിൽ)------------------നടമയായ ശ്രീ/ശ്രീമതി ------------------ന്റെ/യുടെ സമ്മതപത്രവും പ്രഖ്യാപനവും കിട്ടിബോധിച്ചതായും അർഹത സംബന്ധിച്ച വിവരങ്ങൾ ശരിയായിരിക്കണമെന്നും ബന്ധപ്പെട്ട തുക കിട്ടിബോധിക്കണമെന്നുമുള്ള നിബന്ധനകൾക്ക് വിധേയമായി പദ്ധതി പ്രകാരം പരിരക്ഷ ലഭിക്കുന്നതാണെന്നും ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

<u>അധികാരപ്പെട്ട ബാങ്ക് ഉദ്യോഗസ്ഥന്റെ സീലും ഒപ്പും</u>

---

# <u>'പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന '</u>

### <u>പദ്ധതി സംബന്ധിച്ച നിയമങ്ങൾ</u>

<u>ഭാഗം - 1</u>

1. <u>നിർവചനങ്ങൾ:</u>

ഈ നിയമാവലിയിൽ, സന്ദർഭാനുസരണമായി മറ്റൊരു വിധത്തിൽ വ്യാഖ്യാനിക്കപ്പെടേണ്ടതില്ലെങ്കിൽ താഴെ പറയുന്ന വാക്കുകളുടേയും പദപ്രയോഗങ്ങളുടേയും അർത്ഥം താഴെ പറയുന്നതായിരിക്കും ::

i) മുഖ്യ പോളിസികർത്താവ് (മാസ്റ്റർ പോളിസി ഹോൾഡർ) , ബാങ്കിംഗ് കമ്പനി (എ & ടീ യു) ആക്ട് 1970 അനുസരിച്ച് രൂപവൽക്കരിക്കപ്പെട്ട കോർപറേറ്റ് സ്ഥാപനമായ ........................... ബാങ്ക് ആണ്.

ii) 'കോർപറേഷൻ' എന്നത് ലൈഫ് ഇൻഷൂറൻസ് കോർപറേഷൻ ആക്ട് 1956 അനുസരിച്ച് ലൈഫ് ഇൻഷൂറൻസ് കോർപറേഷൻ ഓഫ് ഇന്ത്യ/,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,,, ആണ്.

iii) 'പദ്ധതി' എന്നത് ബാങ്കിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട ഇടപാടുകാർക്കായുള്ള 'പ്രധാനമന്ത്രി ജീവന ജ്യോതി ബീമാ യോജന'യാണ്.

iv) 'നിയമാവലി' എന്നത് പദ്ധതിയുടെ താഴെ പറയുന്നതും അതതു കാലങ്ങളിൽ പരിഷ്കരിക്കപ്പെടുന്ന നിയമങ്ങളുമാണ്.

v) 'അംഗം' എന്നത് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾക്കായി പ്രവേശനം നൽകപ്പെടുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഇടപാടുകാരനും ഈ പദ്ധതിയുടെ നിയമാവലിയനുസരിച്ച് സ്വന്തം ജീവിതത്തിന് ഇൻഷൂറൻസ് പരിരക്ഷ ലഭിക്കപ്പെട്ടയാളുമാണ്.

vi) 'പ്രാബല്യത്തിൽ വരുന്ന തീയ്യതി ' എന്നത് ഈ പദ്ധതി നിലവിൽ വരുന്ന 01 ജൂൺ 2015 ആണ്.

vii) പദ്ധതിയോടു ബന്ധപ്പെട്ട് 'പുതുക്കേണ്ടുന്ന വാർഷിക തീയ്യതി' എന്നത് 01 ജൂൺ 2016 ഉം തുടർന്നുള്ള വർഷങ്ങളിൽ ജൂൺ ഒന്നാം തീയ്യതിയുമാണ്.

viii) 'അംഗത്വ പ്രവേശന തീയ്യതി' എന്നത് 31/05/2015 നുള്ളിൽ ചേർന്ന അംഗങ്ങളെ സംബന്ധിച്ച് 01/06/2015 ഉം മറ്റ് അംഗങ്ങളെ സംബന്ധിച്ച് പ്രീമിയം അടക്കുന്ന തീയ്യതിയുമാണ്.

ix) 'അവസാനിക്കുന്ന തീയ്യതി' എന്നത് ഓരോ അംഗവും 55 വയസ്സ് പൂർത്തിയാക്കിയതിന്റെ അടുത്ത ദിവസമോ അല്ലെങ്കിൽ അംഗം തന്റെ ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കുന്ന ദിവസമോ അല്ലെങ്കിൽ പ്രീമിയം അടവ് നിർത്തുന്ന ദിവസമോ, ഏതാണാദ്യം അതായിരിക്കും.

x) 'ഇൻഷൂറൻസ്' എന്നത് അംഗത്തിന്റെ ജീവനു നല്കുന്ന ഇൻഷൂറൻസ് പരിരക്ഷ ആണ്.

xi) 'ഗുണഭോക്താവ്' എന്നത് തന്റെ നോമിനിയായി അംഗം നാമനിർദ്ദേശം ചെയ്തതും ബാങ്കിന്റെ റിക്കാർഡുകളിൽ അപ്രകാരം ചേർക്കപ്പെട്ടതുമായ വ്യക്തിയോ വ്യക്തികളോ ആണ്.

2. പദ്ധതി സംബന്ധിച്ച് എല്ലാ കാര്യങ്ങളിലും അംഗങ്ങൾക്കു വേണ്ടി 'ബാങ്ക് ' ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. ബാങ്കും കോർപറേഷനും തമ്മിലുള്ള ഉടമ്പടി പ്രകാരവും ബാങ്ക് പ്രസ്തുത കോർപറേഷനു നൽകുന്ന നോട്ടീസ് അനുസരിച്ചും എടുക്കപ്പെടുന്ന നടപടികൾ ഓരോ അംഗത്തിനും ബാധകമായിരിക്കും.

3. <u>അർഹത:</u>

18 വയസ്സിനും (18 പൂർത്തിയാക്കിയവർ) 50 വയസ്സിനും (അടുത്ത ജന്മദിനത്തോടുകൂടി)

ഇടയിലുള്ളവരും ‘ അംഗത്വ അവധി’ യിൽ പ്രസ്തുത പദ്ധതിയിൽ ചേരാൻ സമ്മതം രേഖപ്പെടുത്തിയ, പദ്ധതിയിൽ പങ്കെടുക്കുന്ന ബാങ്കുകളുടെ സേവിംഗ്സ് ബാങ്ക് ഇടപാടുകാർ

4. വയസ്സിന്റെ അംഗീകാരം:

സേവിംഗ്സ് ബാങ്ക് ഇടപാടുകാർ സമർപ്പിച്ച, വയസ്സ് സംബന്ധിച്ച തെളിവ് പ്രകാരം ബാങ്ക് രേഖപ്പെടുത്തുന്ന വയസ്സ്

5. ആരോഗ്യസ്ഥിതി സംബന്ധിച്ച തെളിവ്:

പദ്ധതിയിൽ ചേരാനായുള്ള സമ്മതപത്രത്തിലും പ്രഖ്യാപനപത്രത്തിലും പറഞ്ഞ പ്രകാരം ‘അംഗത്വ അവധി’ക്കുശേഷം പദ്ധതിയിൽ പ്രവേശിക്കുന്ന സമയത്ത് ഓരോ അംഗവും കോർപറേഷൻ നിർദ്ദേശിച്ച പ്രകാരം തന്റെ ആരോഗ്യസംബന്ധമായ ത്രുപ്തികരമായ തെളിവ് ഹാജരാക്കേ ണ്ടതാണ്.

6. പ്രീമിയം:

പ്രീമിയം, അംഗത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും കിഴിക്കുന്നതായിരിക്കും. അംഗമായി പ്രവേശിക്കുന്ന തീയ്യതി ഏതുമാകട്ടെ, അതായത് അംഗത്വ അവധിക്കുള്ളിലോ അഥവാ അതു കഴിഞ്ഞ് ഒന്നാം വർഷത്തിലോ പ്രീമിയം 330 രൂപയും അതിന്മേൽ ബാധകമായ സേവന നികുതിയുമായിരിക്കും.

7. ഇൻഷുറൻസ് പരിരക്ഷ:

ഇൻഷുറൻസ് പരിരക്ഷ ഇൻഷുറൻസ് ചെയ്യപ്പെട്ട അംഗത്തിന്റെ മരണം സംഭവിക്കുന്ന പക്ഷം നോമിനിയ്ക്ക് 2,00,000/- രൂപ ഇൻഷുറൻസ് തുകയായി ലഭിക്കും.

8. പരിരക്ഷ അവസാനിക്കുന്ന തീയ്യതിക്കു മുമ്പ് മരണം സംഭവിച്ചാൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ :

പരിരക്ഷ അവസാനിക്കുന്ന തീയ്യതിക്കു മുമ്പ് അംഗത്തിന് മരണം സംഭവിച്ചാൽ, പ്രീമിയം അടച്ച് ആ അംഗം പ്രസ്തുത ഇൻഷുറൻസ് നിലനിർത്തിയിട്ടുണ്ടെങ്കിൽ പരിരക്ഷ പ്രകാരമുള്ള ഇൻഷുറൻസ് തുക നാമനിർദ്ദേശം ചെയ്യപ്പെട്ട ഗുണഭോക്താവിനു ലഭിക്കുന്നതായിരിക്കും.

9. ഇൻഷുറൻസ് പരിരക്ഷ അവസാനിക്കുന്നത് :

ഒരു അംഗത്തിന്റെ ജീവനുള്ള ഇൻഷുറൻസ് പരിരക്ഷ, താഴെ പറയുന്ന ഏതെങ്കിലും ഒരു സ്ഥിതി സംജാതമാകുകയാണെങ്കിൽ പുതുക്കേണ്ട വാർഷിക തീയ്യതിക്ക് അവസാനിക്കുന്നതായിരിക്കും. പിന്നീട് ഇതു സംബന്ധിച്ച യാതൊരു ആനുകൂല്യങ്ങളും ലഭ്യമാകുന്നതല്ല.

എ) പുതുക്കേണ്ട വാർഷിക തീയ്യതിക്ക് 55 വയസ്സ് പൂർത്തിയാകുക

ബി) ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കുക അല്ലെങ്കിൽ ഇൻഷുറൻസ് നിലനിർത്താനാവശ്യമായ തുക അക്കൗണ്ടിൽ ഇല്ലാതിരിക്കുക

10. പരിരക്ഷയ്ക്ക് താത്കാലിക വിരാമം:

നിർദ്ദിഷ്ട തീയ്യതിക്ക് പ്രീമിയം അടക്കാൻ പര്യാപ്തമായ ബാലൻസ് തുക ഇല്ലാതിരിക്കുക തുടങ്ങിയ സാങ്കേതിക കാരണങ്ങളാൽ ഇൻഷുറൻസ് പരിരക്ഷ അവസാനിക്കുകയാണെങ്കിൽ പ്രീമിയം അടയ്ക്കുകയും ആരോഗ്യസ്ഥിതി സ്ംബന്ധിച്ച് ത്ര്പ്തികരമായ അറിയിപ്പ് ലഭിക്കുകയും ചെയ്താൽ നീട്ടിക്കൊടുത്ത അവധിയ്ക്കുള്ളിൽ പരിരക്ഷ പുനസ്ഥാപിക്കപ്പെടാവുന്നതാണ്.

11. പരിരക്ഷ മറ്റുള്ളവർക്ക് ചാർത്തിക്കൊടുക്കൽ:

ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ തികച്ചും വ്യക്തിപരമാണ്. അവ മറ്റാർക്കെങ്കിലും ചാർത്തിക്കൊടുക്കുവാനോ, അതിന്മേൽ ബാധ്യതകൾ സ്ഥാപിക്കുവാനോ, ഏതെങ്കിലും വിധത്തിൽ അന്യവത്കരിക്കുവാനോ പാടുള്ളതല്ല.

12. പദ്ധതി നിർത്തലാക്കൽ അഥവാ ഭേദഗതി വരുത്തൽ :

ഒരു മാസത്തെ നോട്ടീസ് നൽകി എപ്പോൾ വേണമെങ്കിലും പദ്ധതി നിർത്തലാക്കാനോ അല്ലെങ്കിൽ ഏതെങ്കിലും പുതുക്കേണ്ട വാർഷിക തീയ്യതിക്ക് നിയമങ്ങളിൽ ഭേദഗതികൾ വരുത്താനോ ‘ബാങ്കി’നോ ‘കോർപറേഷനോ’ അധികാരമു ായിരിക്കുന്നതാണ്. ‘ബാങ്കും’ ‘കോർപറേഷനും’ പരസ്പരം സമ്മതിച്ച ശേഷമായിരിക്കും പദ്ധതിയുടെ ഏതെങ്കിലും നിയമത്തിൽ മാറ്റങ്ങൾ വരുത്തുക.